# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 91 10/12/2012 ൽ മറുപടിക്ക്

## പി.എസ്.സി. നിയമനം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പെൻഷൻ പ്രായം അമ്പത്തിയാറ് ആയി വർദ്ധിപ്പിച്ചതിനും, പെൻഷൻ ഏകീകരണം മാറ്റിയതിനും ശേഷം എത്ര ജീവനക്കാർ സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ചു എന്നും, വിരമിച്ച ഒഴിവുകളിൽ പി.എസ്.സി വഴി നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും, എത്ര പേർക്ക് പി.എസ്.സി. വഴി സ്ഥിര നിയമനം നൽകി എന്നും അറിയിക്കുമോ: | (എ) 2011-2012 സാമ്പത്തിക വർഷം പെൻഷൻ ഏകീകരിച്ചതുമായി ബന്ധപ്പെട്ട്, പെൻഷൻ ഏകീകരണം നിലവിലില്ലായിരുന്നെങ്കിൽ ജീവനക്കാർ വിരമിക്കുമായിരുന്ന ഒഴിവ് കണക്കാക്കി ഓരോ മാസവും എൻട്രീ കേഡറിൽ ഉണ്ടാകുമായിരുന്ന പ്രതീക്ഷിത ഒഴിവുകളിലേക്ക് സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് പി.എസ്.സി.യെ അറിയിക്കാൻ സർക്കാർ എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത സൂപ്പർന്യൂമററി തസ്തികകൾ പെൻഷൻ പ്രായം 56 ആയി ഉയർത്തിയ സാഹചര്യത്തിൽ ജീവനക്കാർ വിരമിക്കുന്ന തീയതിവരെ തുടരുകയും ചെയ്തു. ഇതു കൂടാതെ ലഭ്യമായ ഒഴിവുകൾ പി.എസ്.സി.യെ അറിയിക്കണമെന്നും എല്ലാ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ചവരുടെയും, പി.എസ്.സി.വഴി സ്ഥിരനിയമനം ലഭിച്ചവരുടെയും വിവരം ശേഖരിച്ചു വരുന്നു. |
| (ബി) ഒഴിവുകൾ യഥാസമയം പി.എസ്.സി.യ്ക്കു റിപ്പോർട്ട് ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച തസ്തികകളിലും ദിവസവേതനത്തിൽ ജീവനക്കാരെ നിയമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതൊഴിവാക്കാനും, റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താല്കാലിക നിയമനം നടത്തുവാനോ, ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ സ്ഥിരം ഒഴിവുകളിൽ തുടരുവാൻ അനുവദിക്കാനോ പാടില്ല എന്ന് സർക്കാർ നിയമനാധികാരികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ